# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3716 — 19.02.2013 ൽ മറുപടിയ്ക്ക്

## ഫോറസ്റ്റ് സ്റ്റേഷനുകൾ

ചോദ്യം

ശ്രീ. കെ. അജിത്.

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വനം വകുപ്പിൽ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്; പ്രസ്തുത സ്റ്റേഷനുകളിലേയ്ക്കായി ഏതെല്ലാം വിഭാഗങ്ങളിലായി എത്ര ജീവനക്കാരുടെ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനുകളിൽ പുതിയതായി അനുവദിച്ച തസ്തികകളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>തസ്തിക — എണ്ണം<br>ഡെ. റെയിഞ്ചർ — 8<br>ഫോറസ്റ്റർ — 9<br>ഫോറസ്റ്റ് ഗാർഡ് — 70<br>ഡ്രൈവർ — 9<br>ക്ലാർക്ക് — 10<br>പി.റ്റി. സ്വീപ്പർ — 10 |
| (ബി) | പുതിയ സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട്; | (ബി) | പുതിയ സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 105 ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട്. |
| (സി) | പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്കായി അനുവദിച്ച തസ്തികകളിൽപ്പെട്ട ജീവനക്കാർ അതാതു സ്റ്റേഷനുകളിൽത്തന്നെയാണോ ജോലി ചെയ്യുന്നതെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ഡി) | പുതിയതായി അനുവദിച്ചതുൾപ്പെടെയുള്ള എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലും വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | നിലമ്പൂർ നോർത്ത് സെക്ഷനിലെ വാണിയംപാറ, വാഴച്ചാൽ ഡിവിഷനിലെ മുക്കുംപുഴ എന്നീ സ്റ്റേഷനുകൾ ഒഴികെ മറ്റ് എല്ലാ സ്റ്റേഷനുകളിലും വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാഹനനങ്ങൾ ലഭ്യമല്ലാത്ത സ്റ്റേഷനുകളിൽ വാഹനങ്ങൾ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പുതിയതായി അനുവദിച്ചതുൾപ്പെടെ എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലേയും ജീവനക്കാർക്ക് സ്റ്റേഷനുകളോടനുബന്ധിച്ചു തന്നെ താമസ സൗകര്യം ഉറപ്പു വരുത്തിയിട്ടുണ്ടോ;. | (ഇ) | എല്ലാ ജീവനക്കാർക്കും പ്രത്യേകം ക്വാർട്ടേഴ്സുകൾ ലഭ്യമാക്കിയിട്ടില്ലയെങ്കിലും ജീവനക്കാർക്ക് ലഭ്യമായ സൗകര്യങ്ങളിൽ സ്റ്റേഷനുകളോടനുബന്ധിച്ചു തന്നെ അടിസ്ഥാന താമസ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (എഫ്) | താമസ സൗകര്യം ഉറപ്പുവരുത്തിയിട്ടില്ലാത്ത ഫോറസ്റ്റ് സ്റ്റേഷനുകളിൽ ജീവനക്കാരെല്ലാം സ്റ്റേഷനുകൾക്ക് സമീപം തന്നെ ഉണ്ടാവണമെന്ന് നിർബന്ധമുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | ജീവനക്കാർ സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും 8 കി.മിനകത്ത് താമസിക്കേണ്ടതാണ്. |
| (ജി) | ഫോറസ്റ്റ് സ്റ്റേഷനുകളിലെ പ്രധാന ഉദ്യോഗസ്ഥന് ഇതര വകുപ്പുകളിലെ സ്റ്റേഷനുകളുടെ മുഖ്യ ചുമതലയുള്ള ഉദ്യോഗസ്ഥർക്കുള്ളതു പോലെ പ്രത്യേകം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ജി) | ഫോറസ്റ്റ് സ്റ്റേഷനിലെ പ്രധാന ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി റെയിഞ്ചർക്ക് പ്രത്യേക ക്വാർട്ടേഴ്സ് എല്ലാ സ്റ്റേഷനിലും ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പുതിയതായി ക്വാർട്ടേഴ്സുകൾ പണി കഴിപ്പിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എച്ച്) | പുതിയതായി രൂപീകരിച്ചതുൾപ്പെടെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകളിൽ നിലവിൽ ജീവനക്കാരുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും ഈ ഒഴിവുകൾ എന്ന് നികത്താനാകുമെന്നും വ്യക്തമാക്കുമോ? | (എച്ച്) | ഡെപ്യൂട്ടി റെയിഞ്ചർമാരുടെയും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെയും സെക്ഷൻ ഫോറസ്റ്റാഫീസർമാരുടെയും ഒഴിവുകൾ ഉണ്ട്. പി.എസ്.സി മുഖാന്തിരവും വകുപ്പുതല പ്രൊമോഷൻ മുഖേനയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ